[ശ്രീമതി എ. നഫീസത്തുബീവി]

അങ്ങനെയിരിക്കെ യഥാസമയത്തു് സ്റ്റോളർഷിപ്പു കിട്ടിയില്ലെങ്കിൽ അവർ അനുഭവിക്കേണ്ടിവരുന്ന യാതനകളും നിരവധിയാണു്. അക്കാര്യം പരിഗണിച്ചു് ഇവർക്കു് സ്കോളർഷിപ്പു അനുവദിച്ചുകൊടുക്കുന്നതിൽ ഇപ്പോൾ കാണുന്ന അമാന്തവും, വൈഷമ്യവും മാറുന്നതിനാവശ്യമായ നടപടികളെടുക്കേണ്ടതാണു്. ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ പരിഗണിച്ചു് പലതരത്തിലുള്ള പുതിയ സ്കോളർഷിപ്പുകളും ഈ ഗവണ്മെന്റിൽനിന്നും കേന്ദ്രഗവണ്മെന്റിൽനിന്നും ഇന്നു നൽകി വരുന്നുണ്ടു്. ആ നിലയിൽ സാധുക്കളായ മുസ്ലീം വിദ്യാർത്ഥിനികൾക്കു് കൊടുക്കുന്ന തുച്ഛമായ ഈ സംഖ്യ തക്ക സമയത്തുതന്നെ കൊടുക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റു ഉദ്യോഗസ്ഥന്മാർ ശ്രദ്ധാന്തിയേടുകൂടി പ്രവർത്തിക്കുന്നതിനാവശ്യമായ നിർദ്ദേശം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. അതു മാത്രമാണു് ഞാൻ ഈ റൂൾ 61 കൊണ്ടു് ഉദ്ദേശിക്കുന്നതും. പല പരാതികളുമുണ്ടു്. പരാതിക്കാർക്കു് അർഹമായ സ്കോളർഷിപ്പു തക്കസമയത്തു കൊടുക്കുന്നതിനുവേണ്ട നടപടികളും ഗവണ്മെന്റു ഭാഗത്തുനിന്നും സ്വീകരിക്കുമെന്നു് വിശ്വസിക്കുന്നു. അതിലേയ്ക്കു അപേക്ഷിക്കുന്നു. വാക്കുകൾ നിറുത്തുന്നു.

ശ്രീ. ആർ. ശങ്കർ : ഇതിനു് തിങ്കളാഴ്ച മറുപടി പറയാം.

Mr. Speaker : The following notices under Rule 61 have also been received from the following Members :—

1. Shri K. Narayana Kurup :—Regarding the immediate necessity for the construction of the Valiyam Bridge in the Changanacherry-Mallampally Road.

2. Shri M. Narayana Kurup :—Regarding the seriou situation that has arisen on account of the hunger strike of an inmate of the Government School for Blind, Deaf and Dumb at Kunnamkulam.

3. Shri P. Ravindran :—Regarding the dispute that has arisen between the fishermen using ordinary fishing crafts and those using motor boats and the clash that took place between them at Karunagapally on 22-2-1964.

4. Shri P. R. Francis :—Regarding the stay of the Revenue Recovery Proceedings etc. taken for the realisation of water cess in Peechi, Vazhani, Chalakudy etc. in the Trichur District till the disposal of the petitions received from Agriculturists in this regard.

These notices are being forwarded to the concerned Ministers for urgent action.

Damage caused to the S. G. N. Factory, Chengamanadu.

Mr. Speaker : A reply is due from the Ministe for Transport and Labour to a notice given by Shri R. Balakrishna Pillai under Rule 61. I call upon the Minister to give the reply.

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) : സർ, രണ്ടുദിവസം മുൻപു് കൊല്ലത്തിനടുത്തു് ശ്രീ. ഗണേശ്നായിക് കമ്പനിക്കാരുടെ വക കശുവണ്ടി ഫാക്ടറി അഗ്നിക്കിരയായതിനെ സംബന്ധിച്ചും അതുമൂലമുണ്ടായിട്ടുള്ള വിഷമതകളെ സംബന്ധിച്ചും ബാലകൃഷ്ണപിള്ള അവർകളും ഇവിടെ ചില കാര്യങ്ങളും ഉന്നയിക്കുകയുണ്ടായി. ഈ കഴിഞ്ഞ 15—ാം തീയതിയാണു് ആ കമ്പനി അഗ്നിക്കിരയായതു്. കാറ്റുണ്ടായിരുന്നതുകാരണം വളരെവേഗത്തിൽ തന്നെ തീ പടർന്നുപിടിക്കുകയും, അഗ്നിശമന യന്ത്രങ്ങളും വരുന്നതിനുമുൻപു് അതിന്റെ ഗോഡൗണൊഴിച്ചു് ബാക്കി

LIBRARY ARCHIVES Kerala Legislative Assembly

ഭാഗങ്ങളെല്ലാം കത്തിനശിക്കുകയുംചെയ്തുപോയി. ശ്രീ. ബാലകൃഷ്ണപിള്ള പറഞ്ഞു, അഗ്നിശമനയന്ത്രം വരാൻ താമസിച്ചതുകൊണ്ടാണു് തീ ആളിക്കത്തി ഇത്രയധികം നാശനഷ്ടമുണ്ടായതു്, അതുകൊണ്ടു് കശുവണ്ടി ഫാക്ടറികളുള്ളിടത്തെല്ലാം അഗ്നിശമനയന്ത്രം സ്ഥാപിക്കണമെന്നു്. കൊല്ലത്തുള്ള സാമാന്യമായ കശുവണ്ടി ഫാക്ടറികളെല്ലാം ഓലമേഞ്ഞതാണു്. നിവൃത്തിയുള്ളിടത്തോളം ആ ഫാക്ടറികളൊക്കെ ഷീറേറാ ഓടോകൊണ്ടു് കവർ ചെയ്യുകഴിഞ്ഞാൽ കുറേ ആശ്വാസമുണ്ടാകും. പക്ഷേ അഗ്നിശമനയന്ത്രങ്ങം ഇത്രപോലുള്ള ഓലമേഞ്ഞ ഫാക്ടറികളുള്ള സ്ഥലങ്ങളിലൊക്കെ സ്ഥാപിക്കാൻ വിഷമമുണ്ടു്.

ശ്രീ ഈ. പി. ഗോപാലൻ : സർ, എ പായിൻറു് ആഫ് ഇൻഫർമേഷൻ. ഇതിനു മറുപടി പറയുന്ന അവസരത്തിൽ ഈ പ്രശ്നം ഉന്നയിച്ച മെമ്പർ സഭയിലുണ്ടായിരിക്കണമെന്നില്ലേ ?

മി. സ്പീക്കർ : അങ്ങനെ വേണമെന്നു നിർബന്ധമില്ല.

ശ്രീ. കെ. ടി. അച്യുതൻ : നമ്മുടെ അഗ്നിശമനയന്ത്രങ്ങം നിവൃത്തിയുള്ളിടത്തോളം കാര്യക്ഷമമായ രീതിയിൽതന്നെയാണു് പ്രവർത്തിച്ചിട്ടുള്ളതു്. പിന്നെ ഈ ഫാക്ടറിയെ സംബന്ധിച്ചാണെങ്കിൽ കത്തിനശിച്ചുപോയതുകൊണ്ടു് രണ്ടാമതു പണിയാനും വിഷമമുണ്ടു്. ഈ ഫാക്ടറിതന്നെ ഗണേഷ് കമ്പനിക്കാരുടെ വകയല്ല. ഒരു നാരായണസ്വാമിയുടെ വകയാണു്. ഗണേശ് കമ്പനിക്കാർ അതു് വാടകക്കെടുത്തായിരുന്നു പ്രവർത്തനം നടത്തിക്കൊണ്ടിരുന്നതു്. നാരായണസ്വാമി ഇപ്പോം രണ്ടാമതു കൊടുക്കാൻ സാദ്ധ്യമല്ലെന്നു പറഞ്ഞിരിക്കുകയാണു്. സ്വന്തമായി അടുത്തൊരു ഫാക്ടറി ഉടനെ ഉണ്ടാക്കാൻ ഇവർ വേണ്ട നടപടികളം സ്വീകരിച്ചുവരികയാണു്. ഒന്നര ആഴ്ചക്കുള്ളിൽതന്നെ സ്വന്തമായ ഫാക്ടറിയുണ്ടാക്കാൻവേണ്ടി അതിവേഗത്തിൽ ആലോചനകളം നടത്തിയിട്ടുണ്ടു്. അടുത്തുള്ള വേറൊരു ഫാക്ടറിയിൽ അതിലുണ്ടായിരുന്ന ജോലിക്കാരിൽ 130 പേർക്കു് ജോലി കൊടുത്തിട്ടുണ്ടു്. അതുകൂടാതെതന്നെ ബാക്കിയുള്ള ജോലിക്കാരെസംബന്ധിച്ചും മറെറാരു ഫാക്ടറി ഉണ്ടാക്കി അവർക്കു് ജോലി ഉണ്ടാക്കിക്കൊടുക്കുന്നതുവരെ എന്തെങ്കിലുംഅഡ്വാൻസായി കൊടുക്കണമെന്നു് ഫാക്ടറി ഉടമയോടു് ലേബർ ഡിപ്പാർട്ടുമെൻറു് ആവശ്യപ്പെട്ടിട്ടുണ്ടു്. ശ്രീ. ഗണേശ് നായിക്കു് അനുഭാവപൂർവ്വം ആ കാര്യം പരിഗണിക്കുമെന്നാണു് ഗവണ്മെൻറു് വിചാരിക്കുന്നതു്. ഏതായാലും ഇങ്ങനെയൊരു സംഭവമുണ്ടായതിൽ മനസ്താപമുണ്ടു്. ചീഫ് മിനിസ്റ്റർ റിലീഫ് ഫണ്ടിൻെറ കാര്യത്തെപ്പററി ഇവിടെ പറയുകയുണ്ടായി, കളക്ടരുടെ റിപ്പോർട്ടു കിട്ടി അതു വിശദമായി പരിശോധിച്ചതിനുശേഷം അതിൽപെടുത്താവുന്ന കാര്യമാണെങ്കിൽ ഗവണ്മെൻറു് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണു്. അവിടെ ഇങ്ങനെയൊരു സംഭവമുണ്ടായതിൽ വളരെ വിഷമമുണ്ടു്. ശ്രീ. ഗണേശ് നായിക്കു് തന്നെ ഉടനടി ഈ തൊഴിലാളികൾക്കു് ജോലി കൊടുക്കാനുള്ള നടപടികളം എടുത്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. ഭാസ്കരൻ : ഗവണ്മെൻറു് അവർക്കു് എന്തെങ്കിലും റിലീഫ് കൊടുക്കുമോ ? പുതുതായി ഫാക്ടറിയുണ്ടാക്കണമെങ്കിൽ അഞ്ചാറുമാസമാകും. ഇതൊരു വലിയ ഫാക്ടറിയായിരുന്നതുകൊണ്ടു് അവിടെയുണ്ടായിരുന്ന എല്ലാ തൊഴിലാളികൾക്കും അടുത്തെവിടെയെങ്കിലും ജോലി കൊടുക്കാൻ സാധിക്കുകയില്ല. അവിടെയെല്ലാംകൂടി 1,500—ഓളം വർക്കേഴ്സ് വരുമെന്നാണു് കണക്കാക്കിയിട്ടുള്ളതു്.

ശ്രീ. കെ. ടി. അച്യുതൻ : 800 ജോലിക്കാരേയുള്ള. ഏതായാലും കളക്ടരോടു് ഉടനെ റിപ്പോർട്ട ആവശ്യപ്പെട്ടിട്ടുണ്ടു്. റിപ്പോർട്ടു് കിട്ടിയതിനുശേഷം എന്താണു് ചെയ്യാൻസാധിക്കുക എന്നുള്ളതിനെപ്പററി പറയാം.

LIBRARY ARCHIVES Kerala Legislative Assembly